## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4836 — 18.12.2014 ൽ മറുപടിയ്ക്ക്

### മായം ചേർക്കലും കൃത്രിമം കണ്ടുപിടിക്കുന്നതിനും സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ.ലതിക | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യവസ്തുക്കൾ പരിശോധന നടത്തുന്നതിനും അവയിലെ മായം ചേർക്കലും കൃത്രിമവും കണ്ടുപിടിക്കുന്നതിനും സംസ്ഥാനത്ത് നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) എഫ്.എസ്.എസ്.എ 2006 പ്രകാരം മായം ചേർക്കലും കൃത്രിമം കണ്ട്പിടിക്കുന്നതിനുമുള്ള സംവിധാനം ഭക്ഷ്യ വകുപ്പിനു കീഴിലുള്ള സി.എഫ്.ആർ.ഡി യിലുണ്ട്.<br><br>സംസ്ഥാന വ്യാപകമായി പരിശോധന നടത്തി ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിയും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഇന്റലിജൻസ് സ്ക്വാഡുകളും, കൂടാതെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യ സുരക്ഷാ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ അനലറ്റിക്കൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത സംവിധാനങ്ങൾ മുഖേന 2014-15 വർഷത്തിൽ എത്ര സാമ്പിളുകൾ പരിശോധിച്ചുവെന്നും എത്രപേർക്കെതിരെ കേസെടുത്തു വെന്നും വ്യക്തമാക്കുമോ ? | (ബി) സി.എഫ്.ആർ.ഡി -യിലുള്ള സംവിധാനങ്ങൾ മുഖേന 2014-2015 ൽ നാളിതുവരെ 1642 സാമ്പിളുകൾ പരിശോധിക്കുകയും അതിൽ 51 സാമ്പിളുകളിൽ പോരായ്മകൾ ഉണ്ടെന്നു കണ്ടെത്തി ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുമുണ്ട്.<br><br>ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള ഓഫീസുകൾ മുഖാന്തിരം 2278 സ്റ്റാറ്റ്യൂട്ടറി ഭക്ഷ്യ സാമ്പിളുകൾ പരിശോധിക്കുകയും 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം 2014-15 വർഷത്തിൽ ഇതിനകം 158 കേസ്സുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ